"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.മിനി.സി. - ക്ക് സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1/2024/AGRI തീയതി,തിരുവനന്തപുരം, 01-01-2024

---

പരാമർശം:-

1. സർക്കുലർ നം. 29/2010/ധന, തീയതി 25/03/2010
2. സർക്കുലർ നം. 03/2014/ധന, തീയതി 10/01/2014
3. 04/05/2019 ലെ സ.ഉ (അച്ചടി) നം 55/2019/ധന
4. സർക്കുലർ നം. 78/2022/ധന, തീയതി 05/09/2022
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 27/04/2023 ലെ P.R.51231607730/P-18/4 നമ്പർ കത്ത്.
6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 25/05/2023, 21/12/2023 ലെ ADFW/2502/2023-SB4 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മിനി.സി. സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (5) കത്ത് പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ടിയാൾക്കെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലെന്നും കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.മിനി.സി.യ്ക്ക് സ്വമേധയാ സേവനത്തിൽ നിന്നും വിരമിക്കുന്നതിന് ആവശ്യമായ സർവ്വീസ് ഉണ്ടെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) മുതൽ (4) വരെ സർക്കുലർ/ഉത്തരവുകൾക്ക് വിധേയമായി 31/12/2023 ന് സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള (വി.ആർ.എസ്) അനുമതി നൽകി ഉത്തരവാകുന്നു.

3. ഇതു സംബന്ധിച്ച തുടർ നടപടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീമതി മിനി.സി. - യുടെ സേവന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് ഹനീഫ.എം.എം.**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ശ്രീമതി.മിനി.സി., കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/127/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ